# അന്തർസംസ്ഥാന വാഹനമോഷണസംഘം പിടിയിൽ

നിരവധി വാഹനമോഷണക്കേസുകളിൽ ശിക്ഷയനുഭവിച്ച ഫറോക്ക് കക്കാട്പറമ്പിൽ അബ്ദുൾസലാം,മധുര വാടിപ്പെട്ടി സ്വദേശി ആൻറണി കാർത്തിക്,ദിണ്ഡിഗൽ നല്ലമ്മ പാളയംപ്പെട്ടി സ്വദേശി ഹെൻറി ചാൾസ് പ്രഭു,എന്നിവരാണ  പിടിയിലായത്. മെഡിക്കൽ കോളേജ് എസ്.ഐ ഹബീബുള്ളയും നഗരം എസ്.ഐ ഇ.കെ ഷിജുവും കോഴിക്കോട് ഗുണ്ടാവിരുദ്ധ സ്ക്വാഡും ചേർന്നാണ് ഇവരെ പിടികൂടിയത്.

പകൽ വാഹനത്തിൽ കറങ്ങി വീട്ടുമുറ്റത്തും റോഡരികിലും നിർത്തിയിട്ട വാഹനങ്ങൾ ശ്രദ്ധിച്ച് രാത്രി സുഹൃത്തുക്കളുമായെത്തി മോഷ്ടിക്കുകയാണ് ഇവരുടെ പതിവ്. ഗുണ്ടാവിരുദ്ധ സ്ക്വാഡ് അംഗങ്ങളായ  എസ്.ഐ സെയ്തലവി.,എ.എസ്.ഐ ഷിനോബ്,സി.പി.ഒ മാരായ കെ.ആർ രാജേഷ്, രഞ്ജിത്ത്, സുധർമ്മൻ, രമേഷ്ബാബു, ഷജുൽ,ദിപിൻ, സന്ദീപ്,രാഗേഷ്,ബിനീഷ്,സുജേഷ്,എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.